മലയാള മനോരമ

18 July 2025

# സിഎംഎഫ്ആർഐയുടെ വറ്റവിത്ത് ഉൽപാദനം മികച്ച സാങ്കേതിക വിദ്യ

## വറ്റക്കൃഷി ജനകീയമാക്കാൻ സഹായിക്കുന്ന ഗവേഷണ നേട്ടം

**മനോരമ ലേഖിക**

കൊച്ചി● രാജ്യത്തെ മികച്ച 5 ഫിഷറീസ് സാങ്കേതിക വിദ്യകളിൽ സിഎംഎഫ്ആർഐയുടെ വറ്റവിത്ത് ഉൽപാദനം ഇടം നേടി. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ സ്ഥാപക ദിനാഘോഷത്തിൽ കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിങ് ചൗഹാൻ വറ്റയുടെ വിത്തുൽപാദന സാങ്കേതികവിദ്യ ഔദ്യോഗികമായി പുറത്തിറക്കി.

രാജ്യത്തിന്റെ സുസ്ഥിര സമുദ്ര കൃഷിയിൽ വലിയ മുന്നേറ്റത്തിനു വഴിതുറക്കുന്ന സാങ്കേതികവിദ്യ എന്ന നിലയ്ക്കാണ് അംഗീകാരം.

മാരികൾച്ചർ (സമുദ്രജലകൃഷി) രംഗത്ത് നിർണായകമായ ഈ ഗവേഷണ നേട്ടം വറ്റക്കൃഷി ജനകീയമാക്കാൻ സഹായിക്കുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു.



വറ്റ മീൻ.

കേന്ദ്ര ബയോടെക്നോളജി വകുപ്പിന്റെ സാമ്പത്തിക സഹായത്തിൽ സിഎംഎഫ്ആർഐ വിഴിഞ്ഞം കേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ അംബരീഷ് പി. ഗോപ്, ഡോ. എം. ശക്തിവേൽ, ഡോ. ബി. സന്തോഷ് എന്നിവരുടെ നേതൃത്വത്തിലാണു സാങ്കേതികവിദ്യ വികസിപ്പിച്ചത്.